**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 346** **23/01/2018-ൽ മറുപടിയ്ക്ക്**

**തെരുവു ബാല്യ വിമുക്ത കേരളം**

| **ചോദ്യം**<br>ശ്രീ. പി.വി. അൻവർ | **ഉത്തരം**<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>( ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) തെരുവു ബാല്യ വിമുക്ത കേരളത്തിനായി സംസ്ഥാന വനിതാ ശിശു വികസന വകുപ്പ് നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ;<br><br>(ബി) ബാലവേല, ബാലഭിക്ഷാടനം എന്നിവ പൂർണ്ണമായി തടയുന്നതിനുള്ള സമഗ്ര പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ? | (എ) & (ബി) ബാലവേല - ബാലഭിക്ഷാടനം - തെരുവ് ബാല്യ വിമുക്ത കേരളം എന്ന ലക്ഷ്യത്തിനായി വനിതാ ശിശു വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ശരണബാല്യം. പത്തനംതിട്ട ജില്ലയിൽ ആരംഭിച്ച ഓപ്പറേഷൻ ശരണബാല്യം പദ്ധതി ജില്ലയുമായി അതിർത്തി പങ്കിടുന്ന സമീപ ജില്ലകളായ ആലപ്പുഴ, കൊല്ലം, കോട്ടയം ജില്ലകളിൽകൂടി വ്യാപിപ്പിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരുടെ നേതൃത്വത്തിൽ റെസ്ക്യൂ ഓഫീസർമാരെ നിയമിച്ച് കൊണ്ട് പത്തനംതിട്ട, കൊല്ലം, ആലപ്പുഴ, കോട്ടയം ജില്ലകളിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി ജില്ലകളിൽ ബാലഭിക്ഷാടനം - ബാലവേലയ്ക്കായും മറ്റ് പല തരത്തിലുള്ള ചൂഷണത്തിനുമായി ഇതര സംസ്ഥാനങ്ങളിൽ നിന്ന് എത്തിച്ച നിരവധി കുട്ടികളെ രക്ഷപ്പെടുത്തുകയുണ്ടായി. ആലപ്പുഴ ജില്ലയുടെ പരിധിയിൽ ചെങ്ങന്നൂർ റെയിൽവെ സ്റ്റേഷൻ പരിസരത്തും കോട്ടയം ജില്ലയിലെ എരുമേലി, അഴുത ഭാഗങ്ങളിലും ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് ബാലവേലയിലും ഭിക്ഷാടനത്തിലും കുട്ടികൾ ഏർപ്പെടുന്നത് തടയുന്നതിനായി ഉള്ള നടപടികൾ ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ മുഖാന്തിരം സ്വീകരിച്ചിട്ടുണ്ട്.<br><br>കൊല്ലം ജില്ലയിലെ ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിലെ പ്രധാന ഉത്സവകാലയളവിൽ ക്ഷേത്ര പരിസരത്തും പാതയോരങ്ങളിലുമായി തമിഴ് നാട്, ആന്ധ്ര, ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങളിലെ കുട്ടികൾ ഭിക്ഷാടനത്തിനായി എത്തിക്കപ്പെടുന്നുണ്ട്. ക്ഷേത്രത്തിലെ പ്രധാന ഉത്സവങ്ങളുമായി ബന്ധപ്പെട്ട് ധാരാളം തീർത്ഥാടകരും ഇതര സംസ്ഥാനക്കാരും ക്ഷേത്ര |

പരിസരത്ത് എത്തിച്ചേരും. ഇവർക്കിടയിൽ തുടർച്ചയായ ഇടപെടലുകൾ നടത്തുക വഴി ഓച്ചിറയെ ബാലഭിക്ഷാടന മുക്ത പ്രദേശമായി മാറ്റുക എന്ന ഉദ്ദേശത്തോടെ കൊല്ലം ജില്ലയിൽ ബാലഭിക്ഷാടന നിർമ്മാർജ്ജന പദ്ധതി 2015, 2016, 2017 വർഷങ്ങളിൽ നടത്തുകയും കുട്ടികളെ മോചിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ശരണബാല്യം പദ്ധതി പ്രവർത്തനം പത്തനംതിട്ട, കൊല്ലം, ആലപ്പുഴ, കോട്ടയം ജില്ലകളിൽ സജീവമായപ്പോൾ, സാമ്പത്തിക ലാഭത്തിനും മറ്റു ഇതര സംസ്ഥാനങ്ങളിൽ നിന്ന് കുട്ടികളെ എത്തിക്കുന്നവർ മറ്റ് ജില്ലകളിൽ കുട്ടികളെ എത്തിക്കുന്നതിനുള്ള സാധ്യതയുണ്ട്. ആയതിനാൽ ബാലവേല - ബാലഭിക്ഷാടനം എന്നിവയ്ക്ക് വിധേയരാകുന്ന കുട്ടികളെ കണ്ടെത്തി സംരക്ഷണം ഉറപ്പാക്കുന്നതിനായി സംസ്ഥാന വ്യാപകമായി 2018 ജനുവരി 29 മുതൽ ഫെബ്രുവരി 7 വരെയുള്ള 10 ദിവസക്കാലം തുടർച്ചയായി പരിശോധന നടത്തുന്നതിന് മറ്റ് ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന വ്യാപകമായി ശരണബാല്യം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**